ജനയുഗം
JANAYUGOM
24 April 2017

# കടൽ സുരക്ഷ ശക്തിപ്പെടുത്താൻ സിഎംഎഫ്ആർഐയുടെ പുതിയ സാങ്കേതിക വിദ്യ

കൊച്ചി: മീൻപിടിക്കാൻ കടലിലിറങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിൽ വഴിത്തിരിവായേക്കാവുന്ന സാങ്കേതിക വിദ്യ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ചു. ഇന്ത്യയിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന മീൻപിടിത്ത കേന്ദ്രങ്ങളുടെയും മീൻപിടിക്കാൻ അനുവദിക്കപ്പെട്ട ദൂരപരിധികളുടെയും ഭൂമിശാസ്ത്ര വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഭൂവിവര വിനിമയ സാങ്കേതിക വിദ്യ (ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം- ജിഐഎസ്) ഉപയോഗിച്ചുള്ള ഡാറ്റാബേസ് ആണ് സിഎംഎഫ്ആർഐ വികസിപ്പിച്ചത്. കടലിൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ഈ വിവരസമാഹാരണം സിഎംഎഫ്ആർഐ നാവിക സേനയ്ക്ക് കൈമാറി.

ഇന്ത്യയിലെ 1278 മീൻപിടിത്ത കേന്ദ്രങ്ങളും അവയുമായി ബന്ധപ്പെട്ട് നിൽക്കുന്ന സമുദ്രപരിധിയുടെ വിവരങ്ങളും മത്സ്യബന്ധന യാനങ്ങൾ സഞ്ചരിക്കുന്ന പാതകളും സിഎംഎഫ്ആർഐ തയ്യാറാക്കിയ ജി ഐ എസ് ഡാറ്റാബേസിൽ ലഭ്യമാണ്. ഇതുപയോഗിച്ച്, ഇന്ത്യൻ തീരങ്ങളിൽ ഏതൊക്കെ കടൽ പ്രദേശങ്ങളിലാണ് മീൻപിടിത്തം നടക്കുന്നതെന്ന് നിരീക്ഷിക്കാനും മത്സ്യത്തൊഴിലാളികളുടെ സഞ്ചാരപഥങ്ങൾ മറ്റ് കപ്പലുകൾക്കും നാവികർക്കും കൈമാറാനും സാധിക്കും. മീൻപിടിക്കാൻ ബോട്ടുകൾ പോകുന്ന മേഖലകൾ, മീൻപിടിത്തം കഴിഞ്ഞെത്തുന്ന ലാൻഡിംഗ് സെന്ററുകൾ എന്നിവ കൃത്യമായി ഡാറ്റാബേസിലുണ്ട്. ഇതനുസരിച്ച് കടലിൽ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാനും മത്സ്യത്തൊഴിലാളികളുടെ ജീവന് കാവലേർപ്പെടുത്താനും നാവിക സേന, തീരദേശ സംരക്ഷണ സേന തുടങ്ങിയവർക്ക് സാധിക്കും.



ഇന്ത്യയിലെ ഫിഷ് ലാൻഡിംഗ് സെന്ററുകൾ അടയാളപ്പെടുത്തിയ മാപ്പ്

തീരദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന് തടസ്സമില്ലാത്ത വികസനപ്രവർത്തനങ്ങൾക്കുള്ള മേഖലകൾ തിരഞ്ഞെടുക്കുന്നതിനും ഡാറ്റാബേസ് പ്രയോജനകരമാകും.

സിഎംഎഫ്ആർഐയിലെ 22 ശാസ്ത്രജ്ഞരും 85 മറ്റ് ജീവനക്കാരും ഉൾപ്പെടുന്ന ഗവേഷണ സംഘമാണ് ഈ ഡാറ്റാബേസ് തയ്യാറാക്കിയത്.

സിഎംഎഫ്ആർഐയുടെ മംഗലാപുരം ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ പി ദിനേശ്ബാബുവിന്റെ നേതൃത്വത്തിലായിരുന്നു വിവര സമാഹരണം നടത്തിയത്. ഗുജറാത്തിൽ 129, മഹാരാഷ്ട്രയിൽ 149, ഗോവയിൽ 34, കർണാടകയിൽ 93, കേരളത്തിൽ 201, തമിഴ്നാട്ടിൽ 359, ആന്ധ്രപ്രദേശിൽ 204, ഒഡിഷയിൽ 54, ബംഗാളിൽ 55 എന്നിങ്ങനെയാണ് ഇന്ത്യയിലെ ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ എണ്ണം. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ ദക്ഷിണ നാവികസേന മേധാവി വൈസ് അഡ്മിറൽ എ ആർ കാർവെക്ക് ഡാറ്റാബേസ് കൈമാറി. കടൽ സുരക്ഷ ശക്തിപ്പെടുത്തുന്നതോടൊപ്പം സമുദ്രമത്സ്യ സമ്പത്ത് അടയാളപ്പെടുത്തുന്നതിനുള്ള സഹായിയായും ജിഐഎസ് വിവര സമാഹാരം ഉപയോഗിക്കാനാവുമെന്ന് ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞു.